ദീപിക

19 February 2017

# മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും പ്രാധാന്യം നൽകണം: ഗവർണർ

**സിഎംഎഫ്ആർഐയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി**

**കൊച്ചി:** മത്സ്യമേഖലയിൽ ഗവേഷണങ്ങളും നിയമനിർമാണങ്ങളും നടത്തുമ്പോൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും പ്രാധാന്യം നൽകണമെന്ന് ഗവർണർ ജസ്റ്റീസ് പി. സദാശിവം. 70 വർഷം പൂർത്തിയാക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നയരൂപീകരണം നടത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഊന്നൽ നൽകണം. കർഷക കുടുംബത്തിൽ ജനിച്ചതിനാൽ അവർ അനുഭവിക്കുന്ന വേദന തനിക്ക് മനസിലാകും. കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ മനസിലാക്കാൻ ശാസ്ത്രസമൂഹം മുന്നോട്ട് വരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സമുദ്ര ആവാസ വ്യവസ്ഥയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ഗവേഷകർ പ്രാമുഖ്യം നൽകണം. മലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ സമുദ്ര ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ ഭീഷണിയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവേഷകർ പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

അമിത വണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിനു വേണ്ടി സിഎംഎഫ്ആർഐ കടൽപ്പായലിൽ നിന്നു നിർമിച്ച മരുന്ന്, മീനുകളെ പെട്ടെന്ന് തിരിച്ചറിയാൻ സഹായകരമാകുന്ന രീതിയിൽ വികസിപ്പിച്ച മൊബൈൽ ആപ്പ് എന്നിവ ചടങ്ങിൽ ഗവർണർ പുറത്തിറക്കി. കൂടാതെ, സിഎംഎഫ്ആർഐയുടെ പഠന റിപ്പോർട്ടുകളും പ്രകാശനം ചെയ്തു.

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ സിഎംഎഫ്ആർഐയുടെ പേര് പതിച്ച പ്രത്യേക പോസ്റ്റൽ കവർ ഗവർണർ പ്രകാശനം ചെയ്തു. കൂടാതെ, സിഎംഎഫ്ആർഐ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് നടത്തിവരുന്ന മത്സ്യം, കല്ലുമ്മക്കായ കൃഷികളുടെ വിജയഗാഥകൾ അനാവരണം ചെയ്യുന്ന ആറ് വീഡിയോ സിഡികളും ചടങ്ങിൽ പ്രകാശനം ചെയ്തു. സിഎംഎഫ്ആർഐയുടെ പുതിയ ഗവേഷണ പദ്ധതികളും ചടങ്ങിൽ പ്രഖ്യാപിച്ചു. ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ സിഎംഎഫ്ആർഐയുടെ പുതിയ ഗവേഷണ പദ്ധതികൾ വിശദീകരിച്ചു. എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക്, കേരള മധ്യമേഖലാ പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, ഡോ. ജി. മഹേശ്വരുഡു പ്രസംഗിച്ചു.

ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ കൊച്ചി ആസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 11 ഗവേഷണ കേന്ദ്രങ്ങളിലും വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.